# സുൽത്താന്റെ മകൾ

ഇ. ഹരികുമാർ

തൊള്ളായിരത്തി അമ്പതുകളുടെ അവസാനത്തിൽ ഞാൻ എ.വി. ഹൈക്കൂളിൽ പഠിക്കുന്ന കാലത്താണ് ഈ കഥയുടെ ബീജം എന്റെ മനസ്സിൽ നിക്ഷിപ്തമായത്. വൈകുന്നേരങ്ങളിൽ അച്ഛന്റെ ഏതെങ്കിലും നാടകങ്ങളുടെ റിഹേഴ്സലുകളുണ്ടായിരിക്കും. മിക്കവാറും മിഷ്യൻ സ്കൂളിൽ വച്ചായിരിക്കും. സ്കൂളിന്റെ ഹെഡ് മാസ്റ്ററായിരുന്ന വർസ്സീസ് മാസ്റ്റർ സാഹിത്യത്തിലും കലകളിലും അതീവ താല്പര്യമുള്ള ഒരു സഹൃദയനായിരുന്നു. അച്ഛന്റെ നാടകങ്ങളിൽ എനിക്കു സ്ഥിരം സ്ത്രീവേഷമുണ്ടായിരുന്നു. ഞങ്ങൾ ഏതാനും കുട്ടികൾ അച്ഛനും കുറുപ്പേട്ടനും (ശ്രീ ടി. ഗോപാലക്കുറുപ്പ് - അച്ഛന്റെ കൂട്ടുകൃഷി എന്ന നാടകം ഇദ്ദേഹത്തിനാണ് സമർപ്പിച്ചിട്ടുള്ളത്) എത്തുന്നതുവരെയുള്ള സമയം കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിൽ ചെലവഴിച്ചു. ആദ്യം എത്തുക കുറുപ്പേട്ടനാണ്. അതു ഞങ്ങൾക്കിഷ്ടമായിരുന്നു. കാരണം അദ്ദേഹം ധാരാളം കഥകൾ പറയും, പലപ്പോഴും കുറേ മസാലകൾ ചേർത്തവയായിരിക്കും. അച്ഛനോ, ഞങ്ങളുടെ സ്കൂൾ മാസ്റ്റർമാരോ വരുന്നവരെ മാത്രമേ ഈ കഥകൾ കേൾക്കാനാവു. അക്കാലത്ത് അദ്ദേഹം പറഞ്ഞ നിരവധി കഥകളിലൊന്ന് ചതുരംഗക്കമ്പക്കാരനായ ഒരു രാജാവിന്റേതായിരുന്നു. അദ്ദേഹത്തെ തോൽപ്പിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. പക്ഷെ ഒരിക്കൽ അങ്ങിനെ ഒരാൾ വരികയുണ്ടായി, ഒരു നിബന്ധനയിൽ മാത്രം. അയാൾ ജയിച്ചാൽ വേണ്ടത് പണമോ സ്വർണ്ണമോ ഒന്നുമല്ല, മറിച്ച് അയാൾക്ക് രാജാവിന്റെ കിടക്കയിൽ ഒരിക്കൽ അപ്പിയിടണം. അത്ര മാത്രം. രാജാവ് സമ്മതിച്ചു, കാരണം ജയിക്കുമെന്ന ഉറപ്പുണ്ടായിരുന്നു അദ്ദേഹത്തിന്. പക്ഷെ നിർഭാഗ്യവശാൽ അദ്ദേഹം തോറ്റു.

തുടർന്ന് അദ്ദേഹം തന്റെ നാട്ടുപ്രമാണിമാരെ വിളിച്ചു വരുത്തി ഈ നാണക്കേടിൽനിന്ന് എങ്ങിനെ രക്ഷപ്പെടാമെന്ന് കൂടിയാലോചിച്ചു. പലരും ഓരോ പോംവഴികൾ പറഞ്ഞു. ക്ഷുരകപ്രമാണി പറഞ്ഞു, ‘അടിയനത് അടിയന്റെ കത്തികൊണ്ട് ഭംഗിയായി വടിച്ചെടുക്കാം. അപ്പോൾ അലക്കുപ്രമാണി പറഞ്ഞു. ‘അടിയൻ ആ വിരി നന്നായി അലക്കി പുതിയതുപോലാക്കിത്തരാം. ഇങ്ങിനെ ഓരോ നിർദ്ദേശങ്ങളും പോംവഴികളും കേട്ട മന്ത്രി പറഞ്ഞു. ‘ഇതൊന്നും തൃപ്തികരമല്ല. ഞാനൊരു പോംവഴി കണ്ടുപിടിച്ചിട്ടുണ്ട്.’ നിശ്ചയിച്ച ദിവസം മന്ത്രിയോടൊപ്പം രാജാവിന്റെ ഉപദേശകവൃന്ദവും കിടപ്പറയിൽ ഹാജരായി. ചതുരംഗക്കളിക്കാരൻ കിടക്കയിലേക്കു കയറി അന്തസ്സോടെ ചെയ്യാനുദ്ദേശിച്ച കർമ്മത്തിനായി ഇരുന്നു. അപ്പോൾ മന്ത്രി പറഞ്ഞു.

‘എന്താണ് നിബന്ധനയെന്നറിയില്ലെ? തനിക്ക് രാജാവിന്റെ കിടക്കയിൽ അപ്പിയിടണം. അത്ര മാത്രം. ചെയ്തുകൊള്ളു, പക്ഷെ ഒരു തുള്ളി മൂത്രം പോയാൽ തന്റെ തല തെറിക്കും, കാരണം അത് നിബന്ധനയിലില്ല. അയാൾ നോക്കിയപ്പോൾ കട്ടിലിന്റെ ഇരുവശത്തും രണ്ടു ഭടന്മാർ വാളും പിടിച്ചു നിൽക്കുന്നു. അയാൾ ഒന്നും പറയാതെ എഴുന്നേറ്റ് പുറത്തേയ്ക്കു നടന്നു. മന്ത്രിയുടെ ബുദ്ധിശക്തിയും രാജാവിന്റെയും ഉപദേശക വൃന്ദങ്ങളുടെയും വങ്കത്തവും ഒരേ സമയത്ത് തുറന്ന് കാണിക്കുന്ന ഒരു തമാശക്കഥയായിരുന്നു അത്. ഈ കഥയിൽനിന്ന് ഞാനെടുത്തത് രാജാവിന്റെ ഉപദേശക സമിതിയെ മാത്രം. കഥ തികച്ചും മൗലികമായൊരാശയമാണ്. അതുപോലെ ഇതിൽ കൊടുത്തിട്ടുള്ള കവിതകളും.

സുൽത്താൻ പുതിയ കൊട്ടാരം പണിയിച്ചപ്പോൾ പ്രത്യേകം ശ്രദ്ധിച്ചത് അദ്ദേഹത്തിന്റെ വാത്സല്യ ഭാജനമായ മകൾ രാജകുമാരി നസ്റീനിന്റെ സുഖസൗകര്യങ്ങൾ മാത്രമാണ്. പക്ഷെ രാജശില്പിയുടെ രൂപകല്പനയിൽ പല പ്രശ്നങ്ങളുമുണ്ടായി. രാജകുമാരിയുടെ വിശാലമായ സ്നാനഗൃഹത്തിൽനിന്ന് വസ്ത്രങ്ങൾ മാറ്റുന്ന നേപഥ്യഗൃഹത്തിലേയ്ക്കുള്ള ദൂരം അതിലൊന്നായിരുന്നു. മാത്രമല്ല അത്രയും ദൂരം താണ്ടേണ്ടത് ശതം മുഖമണ്ഡപങ്ങളുടെയും കുടില മാർഗ്ഗങ്ങളുടെയും സ്വകാര്യ അറകളുടെയും വാതിലുകളാൽ ബന്ധിക്കപ്പെട്ട ഇടനാഴിയിലൂടെയാണു താനും. ഇവിടെയാണ് പ്രശ്നം ഉദിച്ചത്. രാജകുമാരി സ്നാനഗൃഹത്തിൽ നിന്ന് വസ്ത്രങ്ങളുടെ സുരക്ഷിതത്തിലേക്ക് നഗ്നയായി സഖികളുടെ അകമ്പടിയോടെ പോകുമ്പോൾ മറ്റുള്ളവരുടെ ഒളിഞ്ഞുനോട്ടങ്ങൾ എങ്ങിനെ ഒഴിവാക്കാം? പ്രശ്നം സുൽത്താന്റെ രാജസദസ്സിൽ അവതരിപ്പിക്കപ്പെട്ടു. പ്രമാണിമാർ ഓരോ വഴികൾ കണ്ടുപിടിച്ചതിനെല്ലാം ന്യൂനതകൾ കണ്ടെത്തി. അവസാനം ഇവിടെയും മന്ത്രിതന്നെയാണ് പഴുതുകളില്ലാത്ത വഴി കണ്ടുപടിച്ചത്. എന്താണാ വഴി എന്നു ഞാൻ പറയുന്നില്ല, കഥ വായിക്കു. നെറ്റിലുണ്ടത്.

ഈ കഥകളൊന്നും അറിയാതെ, ശ്രദ്ധിക്കാതെ സ്വന്തം മുറിയിലിരുന്ന് കവിതകളെഴുതിയിരുന്ന സുന്ദരനും ചെറുപ്പക്കാരനുമായ പേർഷ്യൻ കവി കൊട്ടാരത്തിൽ അതിഥിയായിരുന്നു. അദ്ദേഹം മുറിയ്ക്കു പുറത്തു കടന്നപ്പോൾ കണ്ട കാഴ്ച അതീവ സുന്ദരവും മോഹിപ്പിക്കുന്നതുമായിരുന്നു. രാജകുമാരിയെ കൺകുളിർക്കെ കണ്ടുവെന്നു മാത്രമല്ല മനോഹരമായ ഒരു കവിത അദ്ദേഹത്തിന്റെ കണ്ഠത്തിൽനിന്ന്

ഉതിർന്നു വീഴുകയും ചെയ്തു. കശ്മലനെ ഭടന്മാർ പിടിച്ചു കെട്ടി സുൽത്താന്റെ മുമ്പിൽ ഹാജരാക്കി. കഥയിൽ നിന്നുദ്ധരിക്കുന്നു:

പിറ്റേന്ന് കുറ്റവാളി സുൽത്താനു മുമ്പിൽ ഹാജരാക്കപ്പെട്ടു.

രാജകുമാരി നീരാട്ടുകഴിഞ്ഞ് നേപഥ്യ ഗൃഹത്തിലേക്കു പോകുമ്പോൾ നീ നോക്കിയിരുന്നു എന്നു പറയുന്നതു സത്യമാണോ?

അതെ.

ചേങ്ങലയുടെ ശബ്ദം കേട്ടാൽ കണ്ണടച്ച് കമിഴ്ന്നു കിടക്കണമെന്ന രാജശാസന നീ കേട്ടില്ലേ?

ചേങ്ങലയെപ്പറ്റി എന്തോ അറിയിപ്പ് ഞാൻ കേട്ടു, ശ്രദ്ധിച്ചില്ല. ഞാൻ കവിത എഴുതുന്ന തിരക്കിലായിരുന്നു.

ആ അറിയിപ്പ് ശ്രദ്ധിച്ചിരുന്നെങ്കിൽ നീ ഈ കുറ്റകൃത്യം ചെയ്യുമായിരുന്നുവോ?

കവി ആലോചിച്ചു. പിന്നെ സാവധാനത്തിൽ പറഞ്ഞു.

ഇതൊരു കുറ്റകൃത്യമാണെന്ന് ഞാൻ കരുതുന്നില്ല. അനാച്ഛാദിത സൗന്ദര്യം നിങ്ങൾക്ക് ഒരു കവിയുടെ കണ്ണിൽ നിന്നു മറയ്ക്കാൻ കഴിയുകയില്ല. അവൻ ഉൾക്കണ്ണുകൊണ്ടെങ്കിലും അതു കാണും.

നീ ചെയ്ത കാര്യത്തിൽ നിനക്ക് പശ്ചാത്താപമുണ്ടോ?

ഇല്ല. മറിച്ച് കണ്ണടച്ചിരുന്നെങ്കിൽ ഞാൻ എനിയ്ക്ക് ഒരിക്കലും മാപ്പു കൊടുക്കില്ലായിരുന്നു.

അതും പറഞ്ഞ് കവി വീണ്ടും ഒരു ഇളം ശരീരത്തെപ്പറ്റി നിമിഷകവിതയുണ്ടാക്കി പാടാൻ തുടങ്ങി.

ഇവന്റെ തല കൊയ്യൂ.

സുൽത്താൻ ഉത്തരവിട്ടു. പട്ടാളക്കാർ കവിയെ ബന്ധിച്ചു കൊണ്ടു പോകാൻ ഒരുങ്ങി.

നിൽക്കൂ. സുൽത്താൻ പറഞ്ഞു.

കവി അക്ഷോഭ്യനായി തിരിഞ്ഞുനിന്നു. അയാളുടെ മുഖം സുന്ദരമായിരുന്നു. വളർന്ന താടിയും തലമുടിയും ഒതുക്കമില്ലാതെ കിടന്നിരുന്നു.

മരിക്കുന്നതിനുമുമ്പ് നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയൂ.

നിവൃത്തിച്ചുതരുമെന്ന് ഉറപ്പു തന്നാൽ പറയാം.

സുൽത്താൻ ഷാഹുൽ അൽറഷീദ് സ്വന്തം വാക്കുകൾ പാഴാക്കാറില്ല.

എങ്കിൽ......, കവി പറഞ്ഞു. എങ്കിലെനിയ്ക്ക് മരിക്കുന്നതിനു മുമ്പ് ഒരിക്കൽക്കൂടി രാജകുമാരിയെ നഗ്നയായി കാണണം.

സുൽത്താൻ ഞെട്ടി. പട്ടാളക്കാർ ഞെട്ടി. സഭാവാസികൾ ഞെട്ടി.

ഇയാളെ ഞാൻ പറയുന്നതുവരെ കൽത്തുറുങ്കിൽ ഇട്ടടയ്ക്കൂ. സുൽത്താൻ അലറി.

പിന്നെ അയാളുടെ വാതായനങ്ങൾ കല്ലുവെച്ചു മൂടുകയും ചെയ്യൂ. ശബ്ദം പുറത്തു കടക്കരുത്.

ആകെ പ്രശ്നമായി. ഒന്നുകിൽ സുൽത്താൻ തന്റെ വാക്കുകൾക്ക് വില കല്പിക്കുന്നില്ലെന്ന ചീത്ത പേര് വീഴും, അല്ലെങ്കിൽ.....?

ഇതിന്റെ പരിസമാപ്തി വളരെ രസകരമാണ്. അതു പറഞ്ഞുതന്ന് ഞാൻ കഥയുടെ രസം കൊല്ലുന്നില്ല.

മനസ്സ് വിഷമിക്കുമ്പോഴും നിരുന്മേഷമാകുമ്പോഴും ജീവിതത്തിന് വലിയ അർത്ഥമില്ലെന്ന് തോന്നുമ്പോഴുമെല്ലാം ഞാനീ കഥ വായിക്കാറുണ്ട്. ഈ കഥയെപ്പറ്റി വളരെ നല്ല അഭിപ്രായം പറഞ്ഞത് എന്റെ സ്നേഹിതനായ ഡോ. എസ്. പി. രമേശായിരുന്നു. കഥയിൽ, സുൽത്താന്റെ പുതിയ കൊട്ടാരം മേഞ്ഞതിനെപ്പറ്റി ഒരു പരാമർശമുണ്ട്. രാജ്യത്തെ ചെമ്പു ദാരിദ്ര്യം കാരണം കൊട്ടാരം ചെമ്പുകൊണ്ട് മേഞ്ഞതിൽ ഒരു ചെറിയ ഭാഗം സ്വർണ്ണം കൊണ്ടാണ് മേഞ്ഞത്. കഥയിൽനിന്ന്:

കണ്ടുകെട്ടിയ ചെമ്പുകൊണ്ടും മിനാരങ്ങൾ മുഴുവൻ മേയാൻ മാത്രം തികഞ്ഞില്ല. അതിനാൽ കുറച്ചു ഭാഗം സ്വർണ്ണംകൊണ്ടു തന്നെ മേയേണ്ടി വന്നു.

നിലാവുള്ള രാവുകളിൽ യാത്ര കഴിഞ്ഞ് ഒട്ടകപ്പുറത്ത് തിരിച്ചു വരുമ്പോൾ സുൽത്താൻ നോക്കും, ചെമ്പിനു പകരം വെച്ച സ്വർണ്ണം മനസ്സിലാകുന്നുണ്ടോ, തന്റെ സ്വർണ്ണം പുറത്താവുമോ എന്ന്. ഈ വിചാരം സുൽത്താന്റെ പല രാത്രികളിലെ നിദ്ര അപഹരിച്ചു.

ചെമ്പു പുറത്താവുമോ എന്ന പ്രയോഗത്തിനു പകരം സ്വർണ്ണം പുറത്താവുമോ എന്ന് പ്രയോഗിച്ചത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. കലാകൗമുദിയിൽ ഈ കഥ വായിച്ച ശേഷം അദ്ദേഹം ഫോൺ ചെയ്തു. സ്വർണ്ണം പുറത്താകുമോ എന്ന്..... അല്ലെ? നന്നായിട്ടുണ്ട് കഥ. ഇതും പറഞ്ഞ് അദ്ദേഹം കുറെ പൊട്ടിച്ചിരിച്ചു.

ഈ കഥ വീണ്ടും വീണ്ടും വായിക്കുമ്പോഴെല്ലാം ഞാൻ ഓർക്കുന്നത് രമേശിനെയാണ്, അതുപോലെ കുറുപ്പേട്ടനെയും. എന്നെ വല്ലാതെ സ്നേഹിച്ച ആ രണ്ടുപേരും ഇന്നില്ല.

ഇ. ഹരികുമാർ
ഫോൺ: 9447160779